LIBRARY ARCHIVES Kerala Legislative Assembly

തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് നടപടി

324 (4712) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകൃഷി വ്യാപകമാകുന്നതിനനുസൃതമായി തീറ്റപ്പുൽ കൃഷിയിൽ വർദ്ധനവുണ്ടാകേണ്ടത് അത്യാന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

പരിഗണിച്ചിട്ടുണ്ട്.

(ബി) തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ പര്യാപ്തമാണോ എന്നതുസംബന്ധിച്ച് വിലയിരുത്തൽ നടത്തി യിട്ടുണ്ടോ?

ഉണ്ട്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും, വില വർദ്ധിക്കുന്നതുമാണ്. തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സബ്സിഡിയോടെ 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയംസഹായ സംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശ്ശു നിലങ്ങളിലെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നിവ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി അടക്കമുള്ള സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവുമെന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000 രൂപയുടെ ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം

സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപകമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ തീറ്റപ്പുൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന വ്യാപകമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി പുരോഗമിച്ചുവരുന്നു.

ക്ഷീരഗ്രാമം പദ്ധതി

325 (4713) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണ നയിലുണ്ടോ?

നടപ്പുസാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കാമോ?

പരിശോധനകൾക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

പാൽ പരിശോധന അധികാരങ്ങൾ

326 (4714) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പി.&എ.ആർ.ഡി. പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly